"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം -ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.-യുടെ (പെൻ 397038) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് - ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1395/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 22.06.2026-ലെ LSGD/PD/8109/2026-DEH5 നമ്പർ നടപടിക്രമം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2026-ലെ LSGD/PD/8109/2026-DEH5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.-യുടെ (പെൻ- 397038) നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർ പ്പിച്ചിട്ടുണ്ട്. ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.(പെൻ-397038), 13.11.2013 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചെന്നും, നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും, ടിയാളുടെ നിരീക്ഷണകാലയളവ്, 13.11.2015 മുതൽ 12.11.2016 വരെ ഒരു വർഷക്കാലയളവിലേയ്ക്കു പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയെന്നും പരാമർശം (2) പ്രകാരം അറിയിച്ചു. ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി-യുടെ ജനനതീയതി 27.05.1975 ആണെന്നും, 26.05.2025-ന് ടിയാൾക്ക് 50 വയസ്സ് പൂർത്തിയായതിനാൽ കെ.എസ്&എസ്.എസ്.ആർ പാർട്ട് II, റൂൾ 13(b) പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ നിന്നും ടിയാളെ ഒഴിവാക്കാവുന്നതാണെന്നും, അതിനാൽ ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 13.11.2016 മുതൽ 28.05.2025 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം

പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 26.05.2025-ന് ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.-യ്ക്ക് 50 വയസ്സ് പൂർത്തിയായതിനാൽ , പരാമർശം (2) -ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.-യുടെ (പെൻ 397038) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം 27.05.2025 പൂർവാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 13.11.2016 മുതൽ 28.05.2025 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി റെയ്ച്ചൽ ബഞ്ചമിൻ.വി.(പെൻ- 397038), അസിസ്റ്റന്റ് എഞ്ചിനീയർ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/190/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 29-07-2026
12:09:15

സെക്ഷൻ ഓഫീസർ